**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1400 | 03.12.2015-ൽ മറുപടിയ്ക്ക് |

## ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ചുള്ള റോഡുകളുടെ പുനരുദ്ധാരണം

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) ഇത്തവണത്തെ ശബരിമല ഉത്സവ സീസണുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ റോഡുകളുടെ പുനരുദ്ധാരണത്തിനും മറ്റുമായി എത്രകോടി രൂപ യാണ് ആകെ അനുവദിച്ചിട്ടുള്ളത് ; ഇവയുടെ ഡിവിഷൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ; ഓരോ ഡിവിഷനിലും അനുവദിച്ചിട്ടുള്ള പ്രവൃത്തിയുടെ പേരും തുകയും ഇനംതിരിച്ച് വ്യക്തമാക്കാമോ ;<br><br>(ബി) ബഹു. കേരള ഹൈക്കോടതി കണ്ടെത്തിയിട്ടുള്ള ശബരിമല അനുബന്ധ റോഡുകൾ ഏതൊക്കെ ; അവയ്ക്ക് ഓരോന്നിനും ഇത്തവണ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി തുക നീക്കി വച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ പ്രവൃത്തികൾക്ക് എത്ര തുക വീതം നീക്കി വച്ചിട്ടുണ്ട് എന്നു പറയാമോ ;<br><br>(സി) ശബരിമല കണക്റ്റിംഗ് റോഡുകൾ എന്ന പേരിൽ ശബരിമല ഫെസ്റ്റിവലിൽ ഉൾപ്പെടുത്തി ഏതൊക്കെ റോഡുകൾക്ക് എത്ര തുക വീതമാണ് അനുവദിച്ചിരിക്കുന്നതെന്ന് പി.ഡബ്ല്യൂ.ഡി. സെക്ഷൻ, സബ് ഡിവിഷൻ എന്നിവ തിരിച്ച് വ്യക്തമാക്കാമോ ; | (എ), (ബി), & (സി) ശബരിമല മണ്ഡല മകര വിളക്ക് 2015-16 ഉത്സവവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ റോഡുകളുടെ പുനഃരുദ്ധാരണത്തിനും മറ്റുമായി ആകെ 94.54 കോടി രൂപ വിവിധ ഘട്ടങ്ങളിലായി അനുവദിച്ചിട്ടുണ്ട്. 01.10.2015-ലെ സ.ഉ (സാധാ) നം. 1469/2015/പൊ.മ.വ പ്രകാരം 15.54 കോടി രൂപയും, 07.10.2015-ലെ സ.ഉ (എം.എസ്) നം. 86/2015/പൊ.മ.വ പ്രകാരം 70 കോടി രൂപയും, ഇത് കൂടാതെ നോൺപ്ലാൻ ഫണ്ടിൽ നിന്നും 10 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>ഹൈക്കോടതി 10.06.2015-ലെ SSCR No. 25 of 2015 ലെ ഉത്തരവ് പ്രകാരം കേരള സംസ്ഥാനത്തെ എല്ലാ റോഡുകളും ശബരിമല മണ്ഡല മകര വിളക്ക് ഉത്സവം പ്രമാണിച്ച് പുനഃരുദ്ധാരണ പ്രവൃത്തികൾ നടത്തണമെന്നാണ് ഉത്തരവായിട്ടുള്ളത്.<br><br>ഡിവിഷൻ തിരിച്ചുള്ള കണക്കും, പ്രവൃത്തിയുടെ പേരും, അനുവദിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ഡി) ശബരിമല പാതകൾക്ക് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതി നായി തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്ത മാക്കാമോ ? | (ഡി) തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി ഉത്തരവു കളൊന്നും നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്